(ബി) യൂത്ത് ക്ലബ്ബുകൾ, സാംസ്കാരിക സംഘടനകൾ, വനിതാ സംഘടനകൾ എന്നിവവഴി വിപുലമായ ബോധവൽക്കരണ പരിപാടികളും മറ്റും സംഘടിപ്പിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2009 ജൂൺ 26-ന് അന്താരാഷ്ട്ര മയക്ക് മരുന്ന് വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് 14 ജില്ലകളിലും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. ഇതുപോലെയുള്ള ബോധവൽക്കരണ പരിപാടികൾ തുടർന്നും സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) എല്ലാ വർഷവും തെരഞ്ഞെടുത്ത ക്ലബ്ബുകൾ/സന്നദ്ധ സംഘടനകൾവഴി മദ്യപാനം, പുകവലി, മയക്കുമരുന്ന് എന്നിവയ്ക്ക് എതിരായുള്ള ബോധവൽക്കരണ ക്ലാസ്സുകളും, സെമിനാറുകളും സംഘടിപ്പിക്കാറുണ്ട്. ഇത് തുടർന്നും സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

വിഴിഞ്ഞം പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി

178 (6350) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം തുറമുഖ പദ്ധതി അനന്തമായി നീണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സിയാൽ മാതൃകയിൽ, സംസ്ഥാന ഗവൺമെന്റ് ഒരു കമ്പനി രൂപീകരിച്ച്, ടി പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ ധൃതഗതിയിൽ പുരോഗമിക്കുന്നു. സർക്കാർ പുതിയൊരു കർമ്മ പദ്ധതിക്ക് 2009 നവംബറിൽ രൂപം നൽകി. പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ, റോഡ്-റെയിൽ ഗതാഗത സൗകര്യമൊരുക്കൽ, ശുദ്ധജലം-വൈദ്യുതി ലഭ്യമാക്കൽ, പാരിസ്ഥിതിക പഠനം, പദ്ധതി ഉപദേശകരെ നിയമിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ അടങ്ങിയ പ്രാരംഭഘട്ടപ്രവർത്തനങ്ങൾ സർക്കാർ നേരിട്ട് നടത്താൻ തീരുമാനിച്ചു. ഇതിന്കേരള സർക്കാർ കമ്പനിയായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിനെ ചുമതലപ്പെടുത്തി. ഒന്നാം ഘട്ടത്തിനായി 450 കോടി രൂപയുടെ കർമ്മ പദ്ധതി അംഗീകരിച്ചിട്ടുണ്ട്. 11-8-2010-ൽ ഉദ്ഘാടനം നിർവ്വഹിക്കും.

(ബി) പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly